# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3053 — 11.12.2014-ന് മറുപടിയ്ക്ക്

## ഇ-സർട്ടിഫിക്കറ്റുകളായി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന ഇ-സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷകൻ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്; ഫീസുകൾ അടയ്ക്കേണ്ട വിധം എങ്ങനെയാണ് ; | (എ) കേന്ദ്രസർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി (ഇ-സർട്ടിഫിക്കറ്റുകൾക്കായി) നടപ്പിലാക്കുന്നത്.NeGP മാർഗ്ഗരേഖപ്രകാരം കോമൺ സർവ്വീസ് സെന്ററുകൾ ഈ പദ്ധതിയുടെ അവശ്യഘടകമാണ്. കേരളത്തിൽ അക്ഷയസെന്ററുകളെയാണ് കോമൺ സർവ്വീസ് സെന്ററുകളായി തെരഞ്ഞെടുത്തിട്ടുള്ളത്. അക്ഷയ കേന്ദ്രങ്ങളുടെ സഹായത്തോടുകൂടി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതും ആയതിലേക്കായി 17 രൂപ (അക്ഷയ സംരംഭകർക്ക് 10 രൂപ, സ്റ്റാമ്പിന് 5 രൂപ, ഡിപ്പാർട്ട്മെന്റ് സർവ്വീസ് ചാർജ്ജ് 2 രൂപ) സർവ്വീസ് ചാർജ്ജ് നൽകേണ്ടതും രേഖകൾ സ്കാൻ ചെയ്യുന്നതിലേക്കായി പേജ് ഒന്നിന് 2 രൂപ നിരക്കിൽ നൽകേണ്ടതുമാണ്. കൂടാതെ സർക്കാർ നടപ്പിലാക്കിയ ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും, ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഇതിലേയ്ക്കായി നൽകേണ്ട തുക ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചാണ് നൽകേണ്ടത്. |

| | | |
|---|---|---|
| (ബി) | ഇതിനായി വില്ലേജ് ആഫീസുകളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുളളത്; വിശദമാക്കാമോ? | (ബി) ഇതിനായി ഇപ്പോൾ ഒരു വില്ലേജിൽ ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ ഒരു ലാപ്ടോപ് എന്ന പ്രകാരമാണ് വിതരണം ചെയ്തിട്ടുളളത്. ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയറിൽ നടപ്പിലാക്കിയിട്ടുളള Scrutiny, Verification, Approval എന്നീ മൂന്ന് തലങ്ങളും ഒരു കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തിവരുന്നത്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുളള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുളളതാണ്. ഈ പദ്ധതി തടസ്സങ്ങളില്ലാതെ മുന്നോട്ടു പോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവുകളും ബന്ധപ്പെട്ട ബൈലോയും സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. |

Lalsala S.O
സെക്ഷൻ ഓഫീസർ.